# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 18

## വാർത്താക്കുറിപ്പ്

### എം.ജി. ബിരുദ പ്രവേശനം; ഓപ്ഷൻ പുനഃക്രമീകരണം ഇന്ന് (സെപ്റ്റംബർ 19) വൈകീട്ട് അഞ്ചുവരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദപ്രവേശനത്തിന് ഏകജാലകം വഴി അപേക്ഷിച്ചവർക്ക് ഓപ്ഷനുകൾ പുനഃക്രമീകരിക്കാനും ഒഴിവാക്കാനും ഇന്ന് (സെപ്റ്റംബർ 19) വൈകീട്ട് അഞ്ചുവരെ അവസരം ലഭിക്കും. സ്ഥിരപ്രവേശനം നേടിയവർക്കും ഒന്നാം അലോട്ട്മെന്റ് ലഭിച്ചിട്ട് സർവകലാശാല ഫീസ് അടയ്ക്കാതിരിക്കുകയോ പ്രവേശനം തെരഞ്ഞെടുക്കാതിരിക്കുകയോ പ്രവേശനം തെരഞ്ഞെടുത്തിട്ട് കോളജുമായി ബന്ധപ്പെടാതിരിക്കുകയോ വിവിധ കാരണങ്ങളാൽ കോളജുകൾ നിരസിക്കുകയോ ചെയ്തവർക്ക് ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാനും ഒഴിവാക്കാനും കഴിയില്ല.

(പി.ആർ.ഒ/39/895/2020)

### എം.ജി. ബിരുദ പ്രവേശനം; ഭിന്നശേഷി സംവരണ സീറ്റിൽ പ്രവേശനം 24 വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദപ്രവേശനത്തിന് ഏകജാലകം വഴി ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റിലേക്ക് അപേക്ഷിച്ചവർക്കുള്ള പ്രവേശനം സെപ്റ്റംബർ 24 വരെ അതത് കോളേജുകളിൽ നടത്തും. വിവിധ പ്രോഗ്രാമുകളുടെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ സെപ്റ്റംബർ 24ന് വൈകീട്ട് 4.30നകം കോളജുമായി ഫോണിൽ ബന്ധപ്പെട്ട് ഓൺലൈനായി കോളേജ് ഫീസടച്ച് പ്രവേശനം ഉറപ്പാക്കണം. പ്രവേശനം പൂർണമായി ഓൺലൈനിലാണ്. ടി.സി. ഉചിതമാർഗേണ നൽകണം. സെപ്റ്റംബർ 24നകം പ്രവേശനമെടുക്കാത്തവരുടെ അവസരം നഷ്ടമാകും.

(പി.ആർ.ഒ/39/896/2020)

### പ്രൊജക്ട് മൂല്യനിർണയവും വൈവാവോസിയും

2020 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ പ്രൊജക്ട് മൂല്യനിർണയവും വൈവാവോസിയും സെപ്റ്റംബർ 23 മുതൽ 30 വരെ അതത് കോളേജുകളിൽ നടക്കും. വിശദവിവരം അതത് കോളേജുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/897/2020)

### അപേക്ഷ തീയതി

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ ഒന്നാം സെമസ്റ്റർ എം.എഫ്.എ. (2019 അഡ്മിഷൻ റഗുലർ/ഒന്നാം വർഷം 2019 അഡ്മിഷൻ വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ സെപ്റ്റംബർ 28 വരെയും 525 രൂപ പിഴയോടെ 29 വരെയും 1050 രൂപ സൂപ്പർഫൈനോടെ 30 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/898/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് (സി.എസ്.എസ്. - 2018-20 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/899/2020)

## എം.ജി. പി.ജി. പ്രവേശന പരീക്ഷ ഒക്ടോബർ ആറിനും ഏഴിനും

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററിലും പി.ജി. പ്രോഗ്രാം പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷ ഒക്ടോബർ ആറ്, ഏഴ് തീയതികളിൽ നടക്കും. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പരീക്ഷകേന്ദ്രങ്ങളുണ്ട്. പരീക്ഷയുടെ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാനുള്ള തീയതി പിന്നീട് അറിയിക്കും. കൊവിഡ് 19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചും മാസ്കും കയ്യുറയും ധരിച്ചും പരീക്ഷയ്ക്ക് ഹാജരാകണം. കൊവിഡ് 19 ഇല്ല എന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾ ഹാജരാക്കണം. ഓപ്പൺ ഓൾ ഇന്ത്യ ക്വാട്ടയിലേക്കുള്ള പി.ജി. പ്രവേശനം യോഗ്യത പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും നടക്കുക. വിശദവിവരത്തിന് ഫോൺ: 0481-2733595. ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/900/2020)

## എം.ജി.യുടെ പ്രഭാഷണ പരിപാടിയിൽ

## ഗാന്ധിജിയുടെ പേരക്കുട്ടിയുടെ മകൾ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് 'ഗാന്ധി അണ്ടർ ആഫ്രിക്കൻ സ്കൈസ്' എന്ന വിഷയത്തിൽ സെപ്തംബർ 22ന് സംഘടിപ്പിക്കുന്ന പ്രത്യേക പ്രഭാഷണ പരിപാടിയിൽ ഗാന്ധിജിയുടെ പേരക്കുട്ടിയുടെ മകൾ ഡോ. കീർത്തി മേനോൻ മുഖ്യപ്രഭാഷണം നടത്തും. ഉച്ചകഴിഞ്ഞ് 2.30ന് വെബെക്സിലൂടെയാണ് പ്രഭാഷണം. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗ് സർവകലാശാലയിൽ അക്കാദമിക് പ്ലാനിംഗിന്റെ സീനിയർ ഡയറക്ടറാണ് ഡോ. കീർത്തി. താല്പര്യമുള്ളവർക്ക് https://mgu.webex.com/mgu/j.php?MTID=mf0021798b4ad4ab3905274220d26b169 എന്ന ലിങ്കിലൂടെ പങ്കെടുക്കാം. മീറ്റിംഗ് നമ്പർ: 170 611 2261 പാസ്‌വേഡ്: xiF4i2VTtb8

(പി.ആർ.ഒ/39/901/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ

# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 18

# വാർത്താക്കുറിപ്പ്

## എം.ജി. ബിരുദ പ്രവേശനം; ഓപ്ഷൻ പുനഃക്രമീകരണം ഇന്ന് (സെപ്റ്റംബർ 19) വൈകീട്ട് അഞ്ചുവരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദപ്രവേശനത്തിന് ഏകജാലകം വഴി അപേക്ഷിച്ചവർക്ക് ഓപ്ഷനുകൾ പുനഃക്രമീകരിക്കാനും ഒഴിവാക്കാനും ഇന്ന് (സെപ്റ്റംബർ 19) വൈകീട്ട് അഞ്ചുവരെ അവസരം ലഭിക്കും. സ്ഥിരപ്രവേശനം നേടിയവർക്കും ഒന്നാം അലോട്ട്മെന്റ് ലഭിച്ചിട്ട് സർവകലാശാല ഫീസ് അടയ്ക്കാതിരിക്കുകയോ പ്രവേശനം തെരഞ്ഞെടുക്കാതിരിക്കുകയോ പ്രവേശനം തെരഞ്ഞെടുത്തിട്ട് കോളജുമായി ബന്ധപ്പെടാതിരിക്കുകയോ വിവിധ കാരണങ്ങളാൽ കോളജുകൾ നിരസിക്കുകയോ ചെയ്തവർക്ക് ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാനും ഒഴിവാക്കാനും കഴിയില്ല.

(പി.ആർ.ഒ/39/895/2020)

## എം.ജി. ബിരുദ പ്രവേശനം; ഭിന്നശേഷി സംവരണ സീറ്റിൽ പ്രവേശനം 24 വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദപ്രവേശനത്തിന് ഏകജാലകം വഴി ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റിലേക്ക് അപേക്ഷിച്ചവർക്കുള്ള പ്രവേശനം സെപ്റ്റംബർ 24 വരെ അതത് കോളജുകളിൽ നടത്തും. വിവിധ പ്രോഗ്രാമുകളുടെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ സെപ്റ്റംബർ 24ന് വൈകീട്ട് 4.30നകം കോളജുമായി ഫോണിൽ ബന്ധപ്പെട്ട് ഓൺലൈനായി കോളജ് ഫീസടച്ച് പ്രവേശനം ഉറപ്പാക്കണം. പ്രവേശനം പൂർണമായി ഓൺലൈനിലാണ്. ടി.സി. ഉചിതമാർഗേണ നൽകണം. സെപ്റ്റംബർ 24നകം പ്രവേശനമെടുക്കാത്തവരുടെ അവസരം നഷ്ടമാകും.

(പി.ആർ.ഒ/39/896/2020)

## പ്രൊജക്ട് മൂല്യനിർണയവും വൈവാവോസിയും

2020 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ പ്രൊജക്ട് മൂല്യനിർണയവും വൈവാവോസിയും സെപ്റ്റംബർ 23 മുതൽ 30 വരെ അതത് കോളജുകളിൽ നടക്കും. വിശദവിവരം അതത് കോളജുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/897/2020)

## അപേക്ഷ തീയതി

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ ഒന്നാം സെമസ്റ്റർ എം.എഫ്.എ. (2019 അഡ്മിഷൻ റഗുലർ/ഒന്നാം വർഷം 2019 അഡ്മിഷൻ വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ സെപ്റ്റംബർ 28 വരെയും 525 രൂപ പിഴയോടെ 29 വരെയും 1050 രൂപ സൂപ്പർഫൈനോടെ 30 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/898/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ സ്കൂൾ ഓഫ് പ്യവർ ആന്റ് അപ്ലൈഡ് സയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് (സി.എസ്.എസ്. - 2018-20 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/899/2020)

## എം.ജി. പി.ജി. പ്രവേശന പരീക്ഷ ഒക്ടോബർ ആറിനും ഏഴിനും

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററിലും പി.ജി. പ്രോഗ്രാം പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷ ഒക്ടോബർ ആറ്, ഏഴ് തീയതികളിൽ നടക്കും. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പരീക്ഷകേന്ദ്രങ്ങളുണ്ട്. പരീക്ഷയുടെ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാനുള്ള തീയതി പിന്നീട് അറിയിക്കും. കൊവിഡ് 19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചും മാസ്കും കയ്യുറയും ധരിച്ചും പരീക്ഷയ്ക്ക് ഹാജരാകണം. കൊവിഡ് 19 ഇല്ല എന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾ ഹാജരാക്കണം. ഓപ്പൺ ഓൾ ഇന്ത്യ ക്വാട്ടയിലേക്കുള്ള പി.ജി. പ്രവേശനം യോഗ്യത പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും നടക്കുക. വിശദവിവരത്തിന് ഫോൺ: 0481-2733595. ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/900/2020)

## എം.ജി.യുടെ പ്രഭാഷണ പരിപാടിയിൽ

## ഗാന്ധിജിയുടെ പേരക്കുട്ടിയുടെ മകൾ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് 'ഗാന്ധി അണ്ടർ ആഫ്രിക്കൻ സ്കൈസ്' എന്ന വിഷയത്തിൽ സെപ്റ്റംബർ 22ന് സംഘടിപ്പിക്കുന്ന പ്രത്യേക പ്രഭാഷണ പരിപാടിയിൽ ഗാന്ധിജിയുടെ പേരക്കുട്ടിയുടെ മകൾ ഡോ. കീർത്തി മേനോൻ മുഖ്യപ്രഭാഷണം നടത്തും. ഉച്ചകഴിഞ്ഞ് 2.30ന് വെബെക്സിലൂടെയാണ് പ്രഭാഷണം. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗ് സർവകലാശാലയിൽ അക്കാദമിക് പ്ലാനിംഗിന്റെ സീനിയർ ഡയറക്ടറാണ് ഡോ. കീർത്തി. താല്പര്യമുള്ളവർക്ക് https://mgu.webex.com/mgu/j.php?MTID=mf0021798b4ad4ab3905274220d26b169 എന്ന ലിങ്കിലൂടെ പങ്കെടുക്കാം. മീറ്റിംഗ് നമ്പർ: 170 611 2261 പാസ്‌വേഡ്: xiF4i2VTtb8

(പി.ആർ.ഒ/39/901/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ